**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2361** **13-09-2023 - ൽ മറുപടിയ്ക്ക്**

**ഡയാലിസിസ് ടെക്നീഷ്യൻമാരുടെ കുറവ് പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ മെഡിക്കൽ കോളേജുകളിലും ഇതര സർക്കാർ ആശുപത്രികളിലും കൂടുതൽ ഡയാലിസിസ് ടെക്നീഷ്യൻമാരെ താത്ക്കാലിക അടിസ്ഥാനത്തിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | കൂടുതൽ ഡയാലിസിസ് ടെക്നീഷ്യൻമാരെ ആവശ്യമായി വരുന്ന സാഹചര്യത്തിൽ HDS മുഖാന്തരം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) മുഖേനയുള്ള നിയമനത്തിൽ ഇപ്പോൾ ഡയാലിസ് ടെക്നീഷ്യൻ തസ്തിക ഉൾപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | ഉൾപ്പെട്ടിട്ടുണ്ട്. |
| (സി) | ഒരു ഷിഫ്റ്റ് മാത്രം പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റുകളുള്ള സർക്കാർ ആശുപത്രികളിൽ കൂടുതൽ ഡയാലിസിസ് ടെക്നീഷ്യൻമാരെ നിയമിച്ച് ഷിഫ്റ്റുകളുടെ എണ്ണം വർദ്ധിപ്പിച്ച് പരമാവധി രോഗികൾക്ക് സേവനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പൂർണ്ണതോതിൽ പ്രവർത്തിക്കുന്ന ആശുപത്രികളിൽ എല്ലാം ഒന്നിൽ കൂടുതൽ ഷിഫ്റ്റുകളിലോ 24 മണിക്കൂറോ പ്രവർത്തിക്കുന്ന ഡയാലിസിസ് യൂണിറ്റുകൾ ഉണ്ട്. കൂടുതൽ ഡയാലിസിസ് യൂണിറ്റുകളുടെ സേവനം ആവശ്യമാകുന്ന പക്ഷം പ്രസ്തുത സാഹചര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ